**“CORRUPTION, A CRIME AGAINST NATION”**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 27.03.2024

# കൈക്കൂലി വാങ്ങവേ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് വിജിലൻസ് പിടിയിൽ

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിലെ രാമന്തളി വില്ലേജ് ഓഫീസിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ലിജേഷിനെ 2,000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടയിൽ ഇന്ന് (27/03/2024) വിജിലൻസ് പിടി കൂടി.

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിലെ രാമന്തളി സ്വദേശിയായ പരാതിക്കാരന്റെ 8 വർഷമായി അടക്കാതിരുന്ന ഭൂനികുതി അടച്ചുനൽകുന്നതിന് ഒരാഴ്ച മുമ്പ് വില്ലേജ് ഓഫീസിൽ പോയപ്പോൾ സ്ഥല പരിശോധന നടത്തണമെന്ന് അറിയിക്കുകയും, സ്ഥല പരിശോധനക്ക് എത്തിയ സമയം വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ലിജേഷ് 1,500/- രൂപ കൈക്കൂലി വാങ്ങുകയുണ്ടായി. അതിനുശേഷം പരാതിക്കാരനോട് ഭൂനികുതി അടക്കാൻ ഇന്ന് (27/03/2024) ഓഫീസിൽ വരാൻ ആവശ്യപ്പെട്ടുകയും, വരുമ്പോൾ 2,000/- രൂപ കൈക്കൂലി കൂടി നൽകണമെന്ന് അറിയിക്കുകയും ചെയ്തു. പരാതിക്കാരൻ ഈ വിവരം വിജിലൻസ് കണ്ണൂർ യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. മധു സൂദനൻ നായർ. റ്റി യെ അറിയിക്കുകയും, അദ്ധേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി, ഇന്ന് (27/03/2024) വൈകുന്നേരം 03:45 മണിയോടെ രാമന്തളി വില്ലേജ് ഓഫീസിൽ വച്ച് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ലിജേഷ് പരാതിക്കാരനിൽ നിന്നും 2,000/-രൂപ കൈക്കൂലി വാങ്ങവെ വിജിലൻസ് സംഘം കൈയോടെ പിടികൂടുകയാണുണ്ടായത്.

അറസ്റ്റ് ചെയ്ത പ്രതിയെ തലശ്ശേരി വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി യെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ. ടി.ആർ. മനോജ്, ശ്രീ. വിനു മോഹൻ, സബ് ഇൻസ്പെക്ടർമാരായ അശോകൻ, രാധാ കൃഷ്ണൻ, പ്രവീൺ, ഗിരീശൻ, നിജേഷ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ ബാബു, രാജേഷ്, ജയശ്രീ സീനിയർ സിവിൽ പോലീസ് ഓഫിസർമാരായ സുജിത്ത്, പ്രജിൻ രാജ്, ഹൈറേഷ് തുടങ്ങിയവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.